പതിനാലാം കേരള നിയമസഭ

ഒന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.362 29.06.2016-ൽ മറുപടിയ്ക്ക്**

**ഏറനാട് മണ്ഡലത്തിൽ സ്മൈൽ പദ്ധതി**

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.പി.കെ.ബഷീർ | | ശ്രീ.ഇ.പി.ജയരാജൻ (വ്യവസായവും സ്പോർട്സും വകുപ്പുമന്ത്രി) | |
| (എ) | കായികവകുപ്പിന്റെ സ്മൈൽ പദ്ധതിയിൽ ഉൾപ്പെടുത്തി സംസ്ഥാനത്ത് എന്തെല്ലാം പദ്ധതികളാണ് ആവിഷ്ക്കരിച്ചിട്ടുള്ളത് ; | (എ) | കായികവകുപ്പിന്റെ Sports Minister's Infrastructural Leap towards Excellence (സ്മൈൽ) എന്ന പദ്ധതിയിലുൾപ്പെടുത്തി താഴെ പറയുന്ന അടിസ്ഥാനസൗകര്യ നിർമ്മിതികളാണ് ആവിഷ്ക്കരിച്ചിട്ടുള്ളത്.<br>1. ഷട്ടിൽ കോർട്ട്<br>2. ആധുനികരീതിയിലുള്ള നീന്തൽക്കുളം<br>3. സിന്തറ്റിക് റണ്ണപ്പോടുകൂടിയ ലോംഗ്ജംപ് പിറ്റ്<br>4. ട്രിപ്പിൾ ജംപ് പിറ്റ്<br>5. നാലുവരി റണ്ണിംഗ് ട്രാക്ക്<br>6. ഹൈജമ്പ് റൺ അപ് ലാന്റിംഗ് പിറ്റ്<br>7. കബഡി ഫ്ളോർ<br>8. സിന്തറ്റിക് ഫുട്ബോൾ ടർഫ്<br>9. ഫുട്സാൾ കോർട്ട്<br>10. മേപ്പിൾ വുഡ് ഫ്ളോറിംഗ് |
| (ബി) | പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ, പദ്ധതി തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾ ഇവ എന്താണെന്ന് വ്യക്തമാക്കാമോ ; | (ബി) | കായികതാരങ്ങൾക്ക് വിപുലമായ അടിസ്ഥാനപരിശീലന സൗകര്യങ്ങൾ ഒരുക്കി, സംസ്ഥാനത്തിന്റെ സമഗ്രകായികവികസനം നടപ്പാക്കുക എന്ന ലക്ഷ്യത്തോടെയാണ് സ്മൈൽ പദ്ധതി രൂപീകരിച്ചിട്ടുള്ളത്. പദ്ധതിയിലേക്ക് ഗുണഭോക്തൃ സ്ഥാപനങ്ങളെ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡം ചുവടെ പറയും പ്രകാരമാണ്.<br>1. കളിസ്ഥലം സ്ഥാപനത്തിൽ നിർമ്മിക്കുന്നതിന് തടസ്സമില്ലെന്നും |

സ്ഥാപനം തെരഞ്ഞെടുക്കുന്ന പക്ഷം പദ്ധതി നടപ്പിലാക്കുന്ന ഭൂമി നിരപ്പാക്കുകയും മരങ്ങളുൾപ്പെടെയുള്ള മറ്റെന്തെങ്കിലും തടസ്സങ്ങൾ ഭൂമിയിൽ ഉണ്ടെങ്കിൽ ആയത് ഒഴിവാക്കി ഭൂമി പദ്ധതിയ്ക്കായി തയ്യാറാക്കി നൽകുമെന്നതിന്റെ സാക്ഷ്യപത്രം, സ്ഥലത്തിന്റെ രൂപരേഖ, കൈവശാവകാശ സർട്ടിഫിക്കറ്റ് എന്നിവ സ്ഥാപനത്തിന്റെ ഉടമസ്ഥൻ സമർപ്പിക്കേണ്ടതാണ്.

2. കളിസ്ഥലം നിർമ്മിക്കുമ്പോൾ ആ പ്രദേശത്തുള്ള കുട്ടികളുടെയും യുവാക്കളുടേയും ആ കളിയിനത്തോടുള്ള താല്പര്യവും പ്രാവീണ്യവും കണക്കിലെടുക്കുകയും, കൂടാതെ ഒരു കായിക അദ്ധ്യാപകന്റെ സേവനം ലഭ്യമായിട്ടുള്ളതുമായ സ്ഥാപനത്തെയാണ് തെരഞ്ഞെടുക്കുക.
3. കായിക താരങ്ങൾക്ക് കളിസ്ഥലത്ത് വന്ന് ചേരുന്നതിനുള്ള വാഹന സൗകര്യം ലഭ്യമാണോ എന്ന് വ്യക്തമാക്കിയിരിക്കണം.
4. ജില്ലാ സംസ്ഥാന സ്കൂൾ മത്സരങ്ങളിലും യൂണിവേഴ്സിറ്റി ഇന്റർ കോളീജിയേറ്റ് മത്സരങ്ങളിലും പങ്കെടുത്ത് നേട്ടങ്ങൾ കൈവരിക്കുന്ന സ്കൂളുകളിലേയും കോളേജുകളിലേയും കളിസ്ഥലങ്ങൾക്ക് മുൻഗണനയുണ്ടായിരിക്കും.
5. കായികരംഗത്ത് വളരെയധികം നേട്ടങ്ങൾ തുടർച്ചയായി കൈവരിച്ചിട്ടുള്ള അംഗീകൃത ക്ലബ്ബുകൾക്ക് സ്വന്തമായി സ്ഥലം ഉണ്ടെങ്കിൽ, മാനദണ്ഡം 1-ൽ സൂചിപ്പിച്ചിരിക്കുന്ന കാര്യങ്ങൾ പൂർണ്ണമാണെങ്കിൽ, അത്തരം ക്ലബ്ബുകളുടെ കളിസ്ഥലങ്ങളും പരിഗണിയ്ക്കുന്നതാണ്.
6. കേരള സംസ്ഥാന സ്പോർട്സ് കൗൺസിലിന്റെ കീഴിലുള്ള സ്പോർട്സ് ഹോസ്റ്റൽ, സെൻട്രലൈസ്ഡ് സ്പോർട്സ് ഹോസ്റ്റൽ, റൂറൽ ട്രെയിനിംഗ് സെന്റർ, ഡേ ബോർഡിംഗ് സ്കീം, സ്പോർട്സ് ട്രെയിനിംഗ് സെന്റർ എന്നിവ

നിലനിൽക്കുന്ന സ്ഥാപനങ്ങളിലെ കളിസ്ഥലങ്ങൾ മാനദണ്ഡം 1- ൽ സൂചിപ്പിച്ചിരിക്കുന്ന കാര്യങ്ങൾ പൂർണ്ണമെങ്കിൽ പരിഗണിക്കുന്നതാണ്.

| | | | |
|---|---|---|---|
| (സി) | ഏറനാട് മണ്ഡലത്തെ സ്മൈൽ പദ്ധതിയിലുൾപ്പെടുത്തി എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളത് ; വിശദാംശം നൽകുമോ ; | (സി) | ഏറനാട് മണ്ഡലത്തിൽ സ്മൈൽ പദ്ധതി പ്രകാരം പദ്ധതികൾ നടപ്പിലാക്കിയിട്ടില്ല. |
| (ഡി) | പുതുതായി എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ ? | (ഡി) | നിലവിൽ സ്മൈൽ പദ്ധതിയിലുൾപ്പെടുത്തി പുതിയ പദ്ധതികളൊന്നും നടപ്പാക്കാൻ തീരുമാനിച്ചിട്ടില്ല. |

Manoj M

**സെക്ഷൻ ഓഫീസർ**